**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2101** **16-03-2022 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് 2018 മാർച്ചിൽ മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ നെസസ്സ്-ടെനേബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മെന്റ് സോഫ്റ്റ്‌വെയർ വാങ്ങിയിരുന്നോ; ഒരു വർഷം കാലാവധി ഉണ്ടായിരുന്ന പ്രസ്തുത സോഫ്റ്റ്‌വെയർ ഒരു പ്രാവശ്യം പോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വാങ്ങിയിരുന്നു. ഇത് സംബന്ധിച്ച് ലഭിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാൻവേണ്ടി പ്ലാൻ ഫണ്ട് ഉപയോഗിച്ച് 15 ലാപ് ടോപ്പുകൾ വാങ്ങിയിട്ട് അവ ഇൻസ്റ്റാൾ ചെയ്യാതെ ചട്ടവിരുദ്ധമായി കെ.എസ്.എഫ്.ഇ.ക്ക് നൽകി ആ സ്ഥാപനത്തിൽ നിന്നും അതിന്റെ പണം സി-ഡിറ്റ് വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നെസസ്സ്-ടെനേബിൾ സോഫ്റ്റ്‌വെയർ ഉപയോഗിക്കപ്പെടാതെ കാലഹരണപ്പെട്ടത് കൊണ്ടുണ്ടായ സാമ്പത്തികനഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികൾ ആയവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ബി) | കെ.എസ്.എഫ്.ഇ.-യുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രവാസി ചിട്ടി പ്രോജക്റ്റിന്റെ കോണ്ടാക്ട് സെന്ററിനു വേണ്ടി കരാർ വ്യവസ്ഥ അനുസരിച്ച് പണം കൈപ്പറ്റി ലാപ്ടോപ്പുകൾ സി-ഡിറ്റ് കെ.എസ്.എഫ്.ഇ.ക്ക് നൽകിയിട്ടുണ്ട്. സി-ഡിറ്റിന്റെ ആസ്തിയായി കൈവശമുണ്ടായിരുന്ന ലാപ്ടോപ്പുകളാണ് പ്രസ്തുത ആവശ്യത്തിലേക്ക് ഉപയോഗിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളെല്ലാം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ